THE TRAVANCORE SUGARS & CHEMICALS LTD.

(A KERALA GOVERNMENT COMPANY)

VALANJAVATTOM P.O., THIRUVALLA, KERALA- 689 104

Tele : Office : 0469 - 2610711, 2610712, 2610465 Fax : 2610446

E-mail : travancoresugars65@gmail.com Website :www.travancoresugars.com

KGST No : 14025011 dt. 26.02.1991 CST No. 32030257465C TIN 32030257465 CIN L15421KL1937 SGC001176

ദി ട്രാവൻകൂർ ഷുഗേഴ്സ് & കെമിക്കൽസ് ലിമിറ്റഡ്

വളഞ്ഞവട്ടം പി.ഒ, തിരുവല്ല-4, ഫോൺ: 0469-2610711,2610712

ടെണ്ടർ നോട്ടീസ്

കമ്പനിയുടെ തെങ്ങുകളിൽ നിന്നും 2026 നവംബർ-16 മുതൽ 2027 നവംബർ-15 ഒരു വർഷത്തേക്ക് മേലാദായം എടുക്കുന്നതിനുള്ള സീൽഡ് ടെണ്ടറുകൾ 11.11.2026 തീയതിയിൽ 3.00 പി. എം.-ന് മുൻപായി ലഭിക്കത്തക്കവണ്ണം ക്ഷണിച്ചുകൊള്ളുന്നു. (ടെൻഡർ ഫോം ഓഫീസിൽ നിന്നും വെബ് സൈറ്റിൽ നിന്നും ലഭ്യമാണ്) ടെണ്ടർ ഫോറവില 120/-രൂപ.

തിരുവല്ല

05.11.2026

ഒപ്പ്

ജനറൽ മാനേജർ (ഇൻചാർജ്)

Cc :Websit
Cc: Notice Board
Cc: Section File

ദി ട്രാവൻകൂർ ഷുഗേഴ്സ് & കെമിക്കൽസ് ലിമിറ്റഡ്

വളഞ്ഞവട്ടം പി.ഒ, തിരുവല്ല-4, ഫോൺ , 0469-2610711,2610712

Website : www.travancoresugars.com

ടെണ്ടർ ഫാറം/പരസ്യം

കമ്പനിപുരയിടങ്ങളിലെ ഏകദേശം 125 തെങ്ങുകളിൽ നിന്നും 2026 **നവംബർ 16** മുതൽ **2027** നവംബർ 15 തീയതി വരെയുള്ള ഒരു വർഷക്കാലത്തേക്ക് മേലാദായം എടുക്കുന്നതിന് നിർദ്ദിഷ്ട ഫാറത്തിൽ ടെണ്ടറുകൾ **11.11.2026 തീയതിയിൽ 3.00** പി.എം-നു മുമ്പായി ഈ ഓഫീസിൽ ലഭിക്കത്തക്കവണ്ണം ക്ഷണിച്ചുകൊള്ളുന്നു. ലഭിക്കുന്ന ടെണ്ടറുകൾ അന്നേ ദിവസം 3.00 പി.എം-ന് തുറക്കുന്നതാണ്.

വ്യവസ്ഥകൾ

1. **Rs.**10000/-(പതിനായിരം)രൂപ **EMD** ആയി കമ്പനിയിൽ അടച്ച രസീത് ഓരോ ടെണ്ടറിനോടൊപ്പം ഉണ്ടായിരിക്കേണ്ടതാണ്. ടെണ്ടർ സ്ഥിരപ്പെടുത്തി, 7 (ഏഴ്) ദിവസത്തിനകം 200/- (ഇരുനൂറ്) രൂപാ മുദ്രപത്രത്തിൽ കരാറുകാരൻ കമ്പനിയുമായി ഉടമ്പടിയിൽ ഏർപ്പെടേണ്ടതും ടെണ്ടർതുകയുടെ 25% **EMD** ഉൾപ്പെടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് വെയ്ക്കേണ്ടതും, ടെണ്ടർ കാലാവധി കഴിഞ്ഞ് സെക്യൂരിറ്റി ഡെപ്പോസിറ്റ് പലിശരഹിതമായി തിരിച്ചു നൽകുന്നതുമാണ്.

2. ടെണ്ടർതുക 25% കരാറുകാരൻ നാല് തുല്യ ഗഡുക്കളായി **15.01.2027, 15.03.2027, 15.05.2027, 15.07.2027** എന്നീ തീയതികളിൽ കമ്പനിയിൽ അടയ്ക്കേണ്ടതുമാണ്. നിർദ്ദിഷ്ട തീയതികളിൽ കമ്പനിയിൽ ടി തുക അടയ്ക്കാതെ വന്നാൽ 30 ദിവസത്തേക്കു മാത്രം 15% പലിശയോടെ വീഴ്ച വന്ന തുക അടയ്ക്കാവുന്നതുമാണ്. എന്നാൽ 30 ദിവസത്തിൽ കൂടുതൽ തവണ അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയാൽ കമ്പിനിയുടെ യുക്തം അനുസരിച്ച് ഉടമ്പടി അസ്ഥിരപ്പെടുത്തുന്നതും, ഡെപ്പോസിറ്റ് കമ്പനിയിൽ മുതൽകൂട്ടുന്നതുമാണ്.

3. കോൺട്രാക്ടർക്കോ, തങ്ങളുടെ ജോലിക്കാർക്കോ, കമ്പനിപുരയിടത്തിലുള്ള വൃക്ഷങ്ങൾ വെട്ടുവാനോ, ശിഖരങ്ങൾ മുറിച്ചുകളയുവാനോ അധികാരം ഇല്ലാത്തതാകുന്നു.

4. കോൺട്രാക്ടർക്കോ, അയാളുടെ കാര്യസ്ഥനോ തെങ്ങുകൾ കളളു ചെത്തുന്നതിന് അനുവദിക്കാൻ പാടില്ലാത്തതാണ്.

5. നിശ്ചിത കാലയളവിൽ വിളവെടുക്കുന്നതിനുള്ള അവകാശം കോൺട്രാക്ടർ മറ്റാർക്കും കൈമാറ്റം ചെയ്യുവാൻ പാടുള്ളതല്ല.

6. വിളവെടുപ്പുവേളയിൽ പുരയിടത്തിലുള്ള ഇതര വൃക്ഷങ്ങൾക്കോ, കെട്ടിടങ്ങൾക്കോ ഇലക്ട്രിക്ക് ലൈനുകൾക്കോ , കേടുപാടുകൾ സംഭവിക്കുവാൻ പാടുള്ളതല്ല.

7. വിളവെടുപ്പുവേളയിൽ ജോലിക്കാരോ, കോൺട്രാക്ടറോ പുരയിടത്തിൽ നിന്നും 'പഴുത്ത ഓല' മാത്രമേ വെട്ടുവാൻ അനുവാദമുള്ളൂ.

8. ഓരോ വിളവെടുപ്പിനും കമ്പനിയിൽ നിന്നും രേഖാമൂലം അനുവാദം വാങ്ങേണ്ടതും, നാളികേരം കൊണ്ടുപോകുന്നതിന് 'ഔട്ട് പാസുകൾ' വാങ്ങേണ്ടതുമാണ്.

9. നാളികേരം മോഷ്ടിക്കപ്പെടാതിരിക്കാൻ കാര്യസ്ഥന്മാരെ നിയോഗിക്കാവുന്നതാണ്. ഇങ്ങനെ നിയോഗിക്കപ്പെടുന്നവരുടെ പേരുകൾ കമ്പനിയെ അറിയിച്ച് അംഗീകാരം വാങ്ങേണ്ടതുമാണ്. നാളികേരം മോഷ്ടിക്കപ്പെട്ടാൽ കമ്പനിക്ക് യാതൊരു ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതല്ല.

10. കോൺട്രാക്ടർ നിയോഗിക്കുന്ന കാര്യസ്ഥന്മാർക്ക് കമ്പനിയുടെ മുള്ളുവേലി വളപ്പിൽ നിർബാധം കയറാൻ അനുവാദമില്ല. വിളവെടുപ്പുവേളയിൽ കമ്പനിയുടെ അനുവാദത്തോടു കൂടി മാത്രമേ കയറാൻ പാടുള്ളൂ.

11. അവസാന വിളവെടുപ്പ് ഈ ടെണ്ടർ കാലാവധിക്ക് 15 ദിവസം മുൻപ് എടുക്കേണ്ടതാണ്. (അതായത് **31.10.2027**.) ടി വിളവെടുപ്പ് വേളയിൽ കമ്പനിയിൽ നിന്നും നിയോഗിക്കുന്ന ഉദ്യോഗസ്ഥന്മാരുടെ മേൽനോട്ടത്തിൽ മാത്രമേ നടത്താവു.

12. മൂപ്പെത്താത്ത നാളികേരം ഇടുകയോ, പഴുത്ത ഓലകൾ രണ്ട് മടലിൽ കൂടുതൽ വെട്ടുകയോ, ചെയ്യാൻ പാടില്ല. വിളവെടുപ്പ് സംബന്ധിച്ചുള്ള എല്ലാ ചെലവുകളും കോൺട്രാക്ടർ വഹിക്കേണ്ടതാണ്.

13. ടെണ്ടർ ഏതെങ്കിലുമോ മുഴുവനായോ യാതൊരു കാരണവും പറയാതെ നിരാകരിക്കുന്നതിനുള്ള അധികാരം കമ്പനി മാനേജിംഗ് ഡയറക്ടർക്ക് ഉണ്ടായിരിക്കുന്നതാണ്.

14. ടെണ്ടർ ഫോറം 120/-രൂപ (നൂറ്റിഇരുപത് രൂപ) വിലയ്ക്കു ഓഫീസിൽ നിന്നും ഓഫീസ് സമയങ്ങളിൽ ലഭിക്കുന്നതാണ്. ടെണ്ടർഫാറത്തിന്റെ വില യാതൊരു കാരണവശാലും തിരികെ നൽകുന്നതല്ല.

15. ഈ ടെണ്ടറിനെ സംബന്ധിച്ചോ, തുടർനടപടികളെ സംബന്ധിച്ചോ, കമ്പനിയുടെ തീരുമാനം അന്തിമമായിരിക്കും.

16. ഈ ടെണ്ടറിനെ സംബന്ധിച്ച് ഏതെങ്കിലും വ്യവഹാരങ്ങൾ ഉണ്ടായാൽ, ബഹു. തിരുവല്ലയിലുള്ള കോടതിയെ സമീപിക്കേണ്ടതാണ്.

17. മേൽ വിവരിച്ചിരിക്കുന്ന വ്യവസ്ഥകൾ മുഴുവൻ അംഗീകരിക്കുന്നുണ്ടെങ്കിൽ മാത്രം പൂരിപ്പിച്ച ടെണ്ടർഫോറം കമ്പനിയിൽ നൽകിയാൽ മതിയാകും.

18. ഏതെങ്കിലും കാരണവശാൽ സർക്കാർ ആഫീസുകൾക്കോ മറ്റോ കമ്പനിവക സ്ഥലം കൈമാറുകയാണെങ്കിൽ ആ സ്ഥലം ഒഴിച്ചുള്ള ഭാഗത്തെ തെങ്ങുകളിലെ മേലാദായമെ എടുക്കുവാൻ അനുവദിക്കുകയുള്ളൂ.

19. ടെണ്ടർ സ്ഥിരപ്പെടുകിട്ടുന്ന ആൾ ഒന്നാമത്തെ വ്യവസ്ഥയിൽ പറഞ്ഞിരിക്കുന്ന രീതിയിൽ കമ്പനിയുമായി ഉടമ്പടിയിൽ ഏർപ്പെടാത്ത പക്ഷം അയാളുടെ EMD കണ്ടുകെട്ടുന്നതും ഇതു മൂലം കമ്പനിക്കുണ്ടാകുന്ന മറ്റു നഷ്ടങ്ങൾ അയാളിൽ നിന്നും ഈടാക്കുന്നതുമാണ്.

ജനറൽ മാനേജർ (ഇൻചാർജ്)

വളഞ്ഞവട്ടം

05/11/2026

മേൽ വിവരിച്ചിട്ടുള്ള എല്ലാ വ്യവസ്ഥകളും ഞാൻ അംഗീകരിക്കുന്നു. കമ്പനി പുരയിടത്തിലെ തെങ്ങുകളിൽ നിന്നും 2026 **നവംബർ** 16 മുതൽ 2027 **നവംബർ** 15-ാം തീയതി വരെയുള്ള കാലയളവിൽ മേലാദായം എടുക്കുന്നതിന് Rs.....(അക്ഷരത്തിൽ)

.....

.....

തന്നുകൊള്ളാമെന്ന് ഞാൻ പൂർണ്ണമായി സമ്മതിച്ചിരിക്കുന്നു. EMD ആയി 10000/- (പതിനായിരം രൂപ) അടച്ച രസീത്/ഡി.ഡി നമ്പർ ..... ഇതോടൊപ്പം ഹാജരാക്കുന്നു.

സ്ഥലം : ..... ഒപ്പ്

.....

തീയതി : ..... പേര്

.....

മേൽവിലാസം.....

.....

.....

ഫോൺ നമ്പർ.....